## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 719      16/07/2012 ൽ മറുപടിക്ക്

## സ്കൂൾ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണ പരിപാടി മൂലം സ്കൂളുകൾക്കുണ്ടാകുന്ന ബാദ്ധ്യത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കെ. നാരായണൻ :<br>,, സാജു പോൾ :<br>,, കെ. കുഞ്ഞിരാമൻ (ഉദുമ):<br>,, ആർ. രാജേഷ് : | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) വിദ്യാഭ്യാസ വകുപ്പിന്റെ വികലമായ നടപടിയെത്തുടർന്ന് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണ പരിപാടി അവതാളത്തിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഇല്ല |
| ബി) അരിയും, ഭക്ഷ്യധാന്യങ്ങളും പാചകക്കൂലിയും പുറമെ ചെലവാകുന്ന തുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസിൽ നിന്നും മുൻകാലങ്ങളിൽ ലഭ്യമാക്കിയിരുന്നത് കഴിഞ്ഞ ഒരു വർഷമായി നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ് ; | ബി) അരിയും, ഭക്ഷ്യധാന്യങ്ങളും പാചകക്കൂലിയും പുറമെ ചെലവാകുന്ന തുകയും മുൻകാലങ്ങളിൽ ലഭ്യമാക്കിയിരുന്നതുപോലെ കഴിഞ്ഞ വർഷവും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നുതന്നെയാണ് നൽകിയിട്ടുള്ളത്. |
| സി) ഇതുമൂലം ലക്ഷക്കണക്കിന് രൂപയുടെ ബാദ്ധ്യത ഹെഡ് മാസ്റ്റർ മാർക്ക് വന്നുചേർന്നിരിക്കുന്നത് ഗൗരവമായി കാണുന്നുണ്ടോ ; | സി) ഉച്ചഭക്ഷണ പദ്ധതിയുമായി ഹെഡ്മാസ്റ്റർമാർക്ക് അധിക ബാദ്ധ്യത വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) അരി മാത്രമേ നൽകുകയുള്ളുവെന്ന പുതിയ ഉത്തരവിറക്കാനുള്ള സാഹചര്യം എന്താണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | ഡി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ സംസ്ഥാനതല സ്റ്റിയറിംഗ്-കം-മോണിറ്ററിംഗ് കമ്മിറ്റി 24.04.12 നു ചേർന്ന് നിലവിലെ പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുകയും സ്കൂൾ കുട്ടികൾക്ക് പ്രാദേശിക സാഹചര്യങ്ങളും സൗകര്യങ്ങളും കണക്കിലെടുത്ത് പോഷകസമൃദ്ധമായ ആഹാരം നൽകുന്നതിന് |

(.......2)

നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിരുന്നു. അതനുസരിച്ച് ഒരു അദ്ധ്യയന വർഷത്തേക്ക് കുട്ടി ഒന്നിന് ഒരു നിശ്ചിത തുക നിശ്ചയിച്ച് ആയത് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ഇ- ട്രാൻസ്ഫർ മുഖേന സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് നേരിട്ട് മുൻകൂട്ടി നൽകുന്നതിനും തീരുമാനിക്കുകയും, അതനുസരിച്ച് 16.6.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2814/12/പൊ.വി പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം -ഉച്ചഭക്ഷണ പദ്ധതി- നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ (സാധാ)നം.2814/2012/പൊ.വി. തീയതി, തിരുവനന്തപുരം, 16/06/2012.

പരാമർശം:- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 31.5.2012 ലെ എൻ.എം. 1/20695/12/ ഡി.പി.ഐ നമ്പർ കത്ത്

**ഉത്തരവ്**

ഉച്ചഭക്ഷണ ഗുണഭോക്താക്കളായ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രാദേശിക സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് പോഷക സമൃദ്ധമായ ആഹാരം നൽകുന്നതിനും നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിലേക്കായി ഒരു അദ്ധ്യയന വർഷത്തേക്ക് കുട്ടി ഒന്നിന് ഒരു നിശ്ചിത തുക നിശ്ചയിച്ച് ആയത് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ഇ-ട്രാൻസ്ഫർ മുഖേന സ്കൂൾ പ്രഥമ അദ്ധ്യാപകർക്ക് നേരിട്ട് മുൻകൂട്ടി നൽകുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സൂചനയിലെ കത്ത് പ്രകാരം നിർദ്ദേശങ്ങൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. നിർദ്ദേശങ്ങൾ താഴെപറയും വിധമാണ്.

1. 100 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ പ്രതിദിനം കുട്ടി ഒന്നിന് 4 രൂപയും പാചകകൂലി ഇനത്തിൽ 150/- രൂപയും അനുവദിക്കാവുന്നതാണ്.

2. 101 മുതൽ 500 വരെ കുട്ടികളുള്ള സ്കൂളിൽ കുട്ടി ഒന്നിന് പ്രതിദിനം 5 രൂപാ നിരക്കിൽ അനുവദിക്കാവുന്നതാണ്.

3. 501-ന് മുകളിൽ കുട്ടികളുള്ള സ്കൂളിൽ 500 കുട്ടികൾ വരെ 5 രൂപാ നിരക്കിലും അതിൽക്കൂടുതൽ വരുന്ന കുട്ടികൾക്ക് പ്രതിദിനം കുട്ടി ഒന്നിന് 4 രൂപാ നിരക്കിലും അനുവദിക്കാവുന്നതാണ്.

4. പാചക തൊഴിലാളി ചെലവിനായി 100 കുട്ടികൾ വരെ ഒന്നിനു പ്രതിദിനം 1.50 രൂപ നിരക്കിലും 100 കുട്ടികളിൽ കൂടുതൽ വരുമ്പോൾ കുട്ടി ഒന്നിന് 0.25 രൂപ ( പരമാവധി 200 രൂപ) നിരക്കിലും നൽകാവുന്നതാണ്.

5. പലവ്യഞ്ജനങ്ങൾ വാങ്ങിക്കൽ, ട്രാൻസ്പോർട്ടേഷൻ, പാചകം എന്നിവക്കു ശേഷം മിച്ചം വരുന്ന തുക ഗുണമേന്മയുള്ള ഭക്ഷണം ഉറപ്പുവരുത്തുന്നതിനായുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിനോ, ഇതര ചെലവുകൾക്കോ, നൂൺ മീൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി സ്കൂൾ തലത്തിൽ ചെലവഴിക്കാവുന്നതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച മേൽ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിക്കുന്നു. ഇതു നടപ്പാക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം. ശിവശങ്കർ**

**സെക്രട്ടറി**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പിന്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ